**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6270 03.04.2018 -ലെ മറുപടിക്ക്**

**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ മങ്കര എസ്.സി.കോളനി,ഐ.എച്ച്.ഡി.പി. കോളനി എന്നിവ ഭൗതിക സൗകര്യങ്ങളുടെ കുറവ് മൂലം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഈ കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും | ഒരു നിയമസഭാ മണ്ഡലത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്നതും, നാൽപതോ അതിലധികം കുടുംബങ്ങൾ താമസിക്കുന്നതുമായ രണ്ട് കോളനികളെയാണ് MLA യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മീനത്തുകര പട്ടികജാതി കോളനി, അംബേദ്കർ കോളനി എന്നീ രണ്ട് കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മങ്കര പട്ടികജാതി കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവയെ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ (No.T.1100/2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ